**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5027** **11-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുകൾ സംബന്ധിച്ച എത്ര പരാതികളാണ് നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | 22549 പരാതികൾ. പഞ്ചായത്ത് തിരിച്ചുള്ള എണ്ണം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. പുതിയ കാർഡിനുള്ള അപേക്ഷകളിൽ അന്വേഷണം ആവശ്യമില്ലാത്തവ സമയബന്ധിതമായും ശേഷിക്കുന്നവ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കും തീർപ്പ കൽപ്പിച്ച വരുന്നു. പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് മുൻഗണനേതര നോൺസബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെങ്കിലും മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അതുപ്രകാരമുള്ള റേഷൻകാർഡ് അനുവദിച്ച വരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണന കാർഡുകളുടെ എണ്ണം പരിമിതമായതിനാലും ലിസ്റ്റിലെ അനർഹരെ ഒഴിവാക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാലും ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതിയ മുൻഗണന കാർഡുകൾക്കുള്ള അപേക്ഷ തീർപ്പാക്കാൻ കഴിയൂ. |
| (സി) | ഫീൽഡ് വിസിറ്റും ഹിയറിംഗും നടത്തി | (സി) | 413 പരാതികൾ. പഞ്ചായത്ത് തിരിച്ചുള്ള |

| | | | |
|---|---|---|---|
| | പരിശോധിച്ചതിൽ എത്ര പരാതികളാണ് അർഹതയില്ലാത്തതായി കണ്ടെത്തിയതെന്ന വിവരം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; അർഹരായവരുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ കാർഡുടമകളെ യഥാസമയം രേഖാമൂലം അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. അർഹരായവരുടെ പരാതികളിൽ നടപടി സ്വീകരിച്ച് വിവരം രേഖാ മൂലം/ ഫോൺ മുഖേന അറിയിക്കാറുണ്ട്. |
| (ഡി) | ബി.പി.എൽ. കാർഡുകൾ സംബന്ധിച്ച് ജില്ലയിലെ അപ്പീൽ അധികാരി ആരാണെന്ന് അറിയിക്കുമോ; ജില്ല കലക്ടർമാരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടുണ്ടോ? | (ഡി) | മുൻഗണനാ കാർഡുകളെ സംബന്ധിച്ച് പരാതികൾ താലൂക്ക് തലത്തിൽ തീർപ്പാകാത്തപക്ഷം ഇതു സംബന്ധിച്ചുള്ള അപ്പീൽ അപേക്ഷകൾ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നൽകാവുന്നതാണ്. എന്നാൽ ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ. നം. | പഞ്ചായത്ത് | പരാതികളുടെ എണ്ണം |
|---|---|---|
| 1 | കാളികാവ് | 24 |
| 2 | ചോക്കാട് | 22 |
| 3 | കരുവാരക്കുണ്ട് | 26 |
| 4 | അമരമ്പലം | 23 |
| 5 | നിലംബൂർ | 29 |
| 6 | ചാലിയാർ | 21 |
| 7 | മൂത്തേടം | 23 |
| 8 | കരുളായി | 22 |
| 9 | മമ്പാട് | 28 |
| 10 | തിരുവാലി | 23 |
| 11 | വണ്ടൂർ | 27 |
| 12 | പോരൂർ | 22 |
| 13 | ചുവ്വൂർ | 24 |
| 14 | എടക്കര | 28 |
| 15 | വഴിക്കടവ് | 24 |
| 16 | പോത്തുകല്ല് | 21 |
| 17 | ചുങ്കത്തറ | 26 |
| | **ആകെ** | **413** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-1

| ക്രമ.നം. | പഞ്ചായത്ത് | പരാതികളുടെ എണ്ണം |
|---|---|---|
| 1 | കാളികാവ് | 1480 |
| 2 | ചോക്കാട് | 1385 |
| 3 | കരുവാരക്കുണ്ട് | 1218 |
| 4 | അമരമ്പലം | 1296 |
| 5 | നിലംബൂർ | 1310 |
| 6 | ചാലിയാർ | 1158 |
| 7 | മൂത്തേടം | 1286 |
| 8 | കരുളായി | 1290 |
| 9 | മമ്പാട് | 1398 |
| 10 | തിരുവാലി | 1296 |
| 11 | വണ്ടൂർ | 1381 |
| 12 | പോരൂർ | 1310 |
| 13 | തുവ്വൂർ | 1348 |
| 14 | എടക്കര | 1398 |
| 15 | വഴിക്കടവ് | 1309 |
| 16 | പോത്തുകല്ല് | 1285 |
| 17 | ചുങ്കത്തറ | 1401 |
| | **ആകെ** | **22549** |

സെക്ഷൻ ഓഫീസർ